Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release 8.12.2021
*Ref: 824/KCBC/K-6/KPR/DS*

# കേരളസഭയിൽ വിശുദ്ധ യൗസേപ്പിതാവിന്റെ വർഷാചരണത്തിനു സമാപനം

കൊച്ചി: കുടുംബങ്ങളുടെയും സഭയുടെയും സംരക്ഷകനായ വിശുദ്ധ യൗസേപ്പിതാവിന്റെ ദർശനങ്ങൾ ആഴത്തിൽ പഠിക്കാനും അനുഭവിക്കാനും വിശുദ്ധന്റെ വർഷാചരണത്തിലൂടെ കേരളസഭയ്ക്കു സാധിച്ചതായി കെസിബിസി പ്രസിഡന്റ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പറഞ്ഞു. പിഒസിയിൽ നടന്ന വിശുദ്ധ യൗസേപ്പിതാവിന്റെ വർഷാചരണത്തിന്റെ കേരളസഭാതലത്തിലുള്ള സമാപന സമ്മേളനത്തിൽ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

മാർപാപ്പയുടെ ആഹ്വാനമനുസരിച്ചുള്ള യൗസേപ്പിതാവിന്റെ വർഷം കേരളസഭയിലെങ്ങും സജീവമായി ആചരിച്ചു. വിവിധ രീതികളിൽ വിശുദ്ധന്റെ ജീവിതവും സന്ദേശവും അനേകരിലേക്ക് എത്തിക്കാൻ വർഷാചരണം കാരണമായിട്ടുണ്ടെന്നും മാർ ആലഞ്ചേരി പറഞ്ഞു.

കെസിബിസി വൈസ് പ്രസിഡന്റ് ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ജനറൽ ബിഷപ് ജോസഫ് മാർ തോമസ്, ഡപ്യൂട്ടി സെക്രട്ടറി ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി, കെസിഎംഎസ് പ്രസിഡന്റും ഒഎസ്ജെ കോൺഗ്രിഗേഷൻ പ്രൊവിൻഷ്യലുമായ ഫാ. സെബാസ്റ്റ്യൻ ജെക്കോബി, സിഎംഐ പ്രിയോർ ജനറാൾ റവ.ഡോ. തോമസ് ചാത്തംപറമ്പിൽ, കെസിസി സെക്രട്ടറി ശ്രീമതി ജെസി ജെയിംസ്, ഫാ. സ്റ്റാൻലി മാതിരപ്പിള്ളി എന്നിവർ പ്രസംഗിച്ചു.

ജോസഫ് നാമധാരികളായ മെത്രാന്മാർക്കും വൈദികർക്കും ഉപഹാരങ്ങൾ നൽകി.

നേരത്തെ കൃതജ്ഞതാബലിയിൽ ആർച്ച്ബിഷപ് ഡോ. എം. സൂസപാക്യം മുഖ്യകാർമികത്വം വഹിച്ചു. പിഒസിയിൽ തുടരുന്ന കെസിബിസി ശീതകാല സമ്മേളനം ഇന്നു സമാപിക്കും.

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.

(ഫോട്ടോ മാറ്റർ)
വിശുദ്ധ യൗസേപ്പിതാവിന്റെ വർഷാചരണത്തിന്റെ കേരളസഭാതലത്തിലുള്ള സമാപന സമ്മേളനത്തിൽ കെസിബിസി പ്രസിഡന്റ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി സന്ദേശം നൽകുന്നു. ഫാ. സെബാസ്റ്റ്യൻ ജെക്കോബി, റവ.ഡോ. തോമസ് ചാത്തംപറമ്പിൽ, ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ, ബിഷപ് ജോസഫ് മാർ തോമസ്, ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി, ശ്രീമതി ജെസി ജെയിംസ്, ഫാ. സ്റ്റാൻലി മാതിരപ്പിള്ളി എന്നിവർ സമീപം.)

PRESIDENT
His Beatitude
MAR GEORGE CARDINAL ALENCHERRY
Major Archbishop of Syro Malabar Church
Mount St. Thomas P.B.No. 3110, Kakkanad
Kochi 682 030
Ph: 0484-2424768, 2424780, 2425727
Fax: 0484-2422727
E-mail: bpalencherry@yahoo.co.in

VICE-PRESIDENT
His Excellancy
RT. REV. DR. VARGHESE CHAKKALAKAL
Bishop of Calicut
Bishop's House, Malaparamba
Kozhikode 673 009.
Ph: 0495 2370313, 2370271
Fax: 0495 2377013
E-mail: calicut_diocese@yahoo.com

SECRETARY GENERAL
DR. JOSEPH MAR THOMAS
Bishop of Bathery,
Catholic Bishop's House
Bathery, Dharmapitam
Wayanad 673 592.
Ph: 04936 220207, Fax: 04936 221287
E-mail: bishopbty@gmail.com

DEPUTY SECRETARY GENERAL
FR. JACOB G. PALACKAPPILLY
P.O.C., P.B. No. 2251
Palarivattom, Kochi-682025
Ph: 0484-2805815, 2805722
Fax: 2806214
Email: jacobgpala@gmail.com